P.T. GOPALAKURUP
CHAIRMAN

milma
The goodness Kerala wakes upto

KERALA CO-OPERATIVE
MILK MARKETING FEDERATION LTD.,
Milma Bhavan, Pattom Palace P.O.,
Thiruvananthapuram, Kerala - 695 004.
Ph: Off: 0471-2555991, Res.: 04936-247264
Fax: 0471-2555992, Mob : 9447047264
Email: ptgopalakurup@milma.co.in, ptgopalakurup@hotmail.com

No. 14:MMG

09.02.2017

## മിൽമാ പ്രസ്സ് റിലീസ്

### മിൽമാ പാലിന്റെ സംഭരണ-വിൽപ്പന വിലകൾ 11.02.17 മുതൽ വർദ്ധിക്കുന്നു.

വിവിധയിനം മിൽമാ പാലിന്റെ വില്പന വില ലിറ്ററിന് 4.00 രൂപയാണ് വർദ്ധിപ്പിക്കുന്നത്. വർദ്ധിക്കുന്ന 4.00 രൂപയിൽനിന്നും 3.35 രൂപ ക്ഷീര കർഷകർക്കും (83.75%) 16 പൈസ ക്ഷീര സഹകരണ സംഘങ്ങൾക്കും (4%) 16 പൈസ വിതരണഏജന്റിനും (4%) 0.75% ക്ഷീരകർഷക ക്ഷേമനിധി ബോർഡിലേക്കുള്ള അംശാദായമായും നല്കുന്നതാണ്. ഇതിനു പുറമേ ക്ഷീരസംഘങ്ങൾക്ക് ഒറ്റത്തവണ സഹായമായി ലിറ്ററിന് 16 പൈസ അധികമായി നൽകുന്നതാണ്. ബാക്കിവരുന്ന 14 പൈസ മേഖലായൂണിയനുകളുടേയും ഡയറികളുടേയും സംഭരണ-സംസ്കരണ-പായ്ക്കിംഗ് ചിലവുകളിലുമുണ്ടാകുന്ന വർദ്ധനവ് നേരിടുന്നതിനു വേണ്ടി മാറ്റി വയ്ക്കുന്നതാണ്. ഈ വില വർദ്ധനവിലൂടെ കർഷകർക്ക് ലിറ്ററിന് 3.35 രൂപയാണ് അധികം നൽകാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും പാൽവില ചാർട്ട് തയ്യാറാക്കുമ്പോൾ ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% മറ്റു ഖരപദാർത്ഥങ്ങളും അടങ്ങിയ പാലിന് ക്ഷീരകർഷകർക്ക് ലിറ്ററിന് 4 രൂപ 2 പൈസയുടെ വർദ്ധനവ് ഉണ്ടാകും. അതായത് ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% ശതമാനം മറ്റു ഖര പദാർത്ഥങ്ങളും ഉള്ള പാലിന് ക്ഷീരകർഷകർക്ക് ഇപ്പൊൾ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന വിലയായ ലിറ്ററിന് 30.12 രൂപ എന്നത് 34.14 രൂപയായി വർദ്ധിക്കും (വിലവർദ്ധനവ് ലിറ്ററിന് 4.02 രൂപ) സംഘങ്ങൾക്ക് ഇപ്പൊൾ മിൽമയിൽ നിന്നും ലഭിക്കുന്ന വിലയായ ലിറ്ററിന് 31.50 എന്നത് 35.87 രൂപയായി വർദ്ധിക്കും(വിലവർദ്ധനവ് ലിറ്ററിന് 4.37 രൂപ).

മിൽമ പാൽവില ഏറ്റവും അവസാനം വർദ്ധിപ്പിച്ചത് 2014 ജൂലൈ മാസത്തിലാണ്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ പാലിന്റെ ഉൽപ്പാദനച്ചിലവിൽ വലിയ വർദ്ധനവ് ഉണ്ടാകുകയും അതിനനുസരിച്ച് സംഭരണവില വർദ്ധിച്ച് കിട്ടാതെ വരികയും വന്ന സാഹചര്യത്തിൽ കർഷ കർ ഈ രംഗത്തു നിന്നും കൊഴിഞ്ഞു പോകുന്നതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങുകയും പാലിന്റെ സംഭരണത്തിൽ കുറവ് അനുഭവപ്പെട്ടുവരികയുമുണ്ടായി. കാലിത്തീറ്റയുടേയും മറ്റ് ഉൽപ്പാദനോപാധികളുടേയും വിലവർദ്ധനവ് ക്ഷീരകർഷകരെ തികച്ചും ദുരിതത്തിലാ ക്കുകയും ആയതിനാൽ പാൽവില വർദ്ധിപ്പിച്ചു നൽകണം എന്ന് കർഷകർ നിരന്തരം ആവശ്യപ്പെട്ടു വരികയുമാണ്.

ക്ഷീരോദ്പാദന രംഗത്ത് ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധിക്കുള്ള പരിഹാരം കാണുന്നതിന് ശാസ്ത്രീയാടിസ്ഥാനത്തിൽ ഉള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി 2010ൽ മിൽമ നടത്തിയ പാലിന്റെ ഉൽപ്പാദനച്ചിലവിനെ സംബന്ധിച്ച പഠനത്തിന്റെ ഒരു തുടർപഠനം നടത്തുവാൻ മിൽമയുടെ ഭരണസമിതിയോഗം തീരുമാനിക്കുകയും, അതനുസ രിച്ച് നടത്തിയ പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് 09.02.17ൽ കൂടിയ ഭരണസമിതി യോഗം പാലിന്റെ സംഭരണ-വിൽപന വിലകൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

11.02.17 രാവിലെക്ക് വേണ്ടി പായ്ക്ക് ചെയ്യുന്ന വിവിധയിനം മിൽമ പാലിന്റെ പുതുക്കിയ വില്പനവില താഴെ പറയും പ്രകാരമാണ്.

| Milk Variant | നിലവിലുള്ള വില്പനവില (Rs. per Litre) | പുതുക്കിയ വില്പനവില (Rs. per Litre) |
|---|---|---|
| Milma Double Toned Milk (Yellow Colour) (1.5% Fat & 9.0% SNF) | Rs.35.00 | Rs.39.00 |
| Milma Toned Milk (Light Blue Colour) (3.0% Fat & 8.5% SNF)(Non.Homogenised) | Rs.36.00 | Rs.40.00 |
| Milma Toned Milk (Dark Blue Colour) (3.0% Fat & 8.5% SNF) (Homogenized) | Rs.38.00 | Rs.42.00 |
| Milma Pride Milk (Orange Colour) (3.5% Fat & 8.5% SNF)( Homogenized) | Rs.40.00 | Rs.44.00 |
| Milma Standardized Milk (Green Colour) (4.5% Fat & 8.5% SNF) | Rs.40.00 | Rs.44.00 |

മിൽമ സ്കിമ്മ്ഡ് മിൽക്ക് തൈരിന്റെ പുതുക്കിയ വില്പന വില 450gm പായ്ക്കറ്റിന് 22.00 രൂപയും 500gm പായ്ക്കറ്റിന് 25.00 രൂപയും ആയിരിക്കും.

**പുതുക്കിയ വില രേഖപ്പെടുത്തിയ പാൽ പായ്ക്കറ്റുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ പഴയവില രേഖപ്പെടുത്തിയ പായ്ക്കറ്റുകൾ കുറച്ചുദിവസം കൂടി ഉപയോഗിക്കേണ്ടിവരും. പുതുക്കിയ വില രേഖപ്പെടുത്തിയ പായ്ക്കറ്റുകൾ എത്രയുംപെട്ടെന്നുതന്നെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

മിൽമയുടെ മേഖലായൂണിയനുകളുടെ പാൽ സംഭരണത്തിൽ കുറവ് അനുഭവപ്പെട്ടുവരുന്നു. ഈ കാരണത്താൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും മിൽമ കൊണ്ടുവരുന്ന പാലിന്റെ അളവ് കഴിഞ്ഞ വർഷത്തേക്കാൾ കൂടിയിരിക്കുകയും അയൽ സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന പാലിന്റെ വില ജനുവരി മാസം മുതൽ വർദ്ധിക്കുകയുമുണ്ടായി. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ ലഭ്യത വളരെ കുറഞ്ഞു വരുന്നതായും ഇനിയുള്ള ദിവസങ്ങളിൽ അത് വീണ്ടും കുറയുമെന്നും കണക്കാക്കുന്നു. കഴിഞ്ഞ രണ്ടു വർഷം ഭാരതത്തിലാകെ പാലിന്റെ അധികോൽപ്പാദനം നേരിട്ടിരുന്ന സാഹചര്യത്തിൽ നിന്നും പാലിന്റെ ഉൽപ്പാദനം കുത്തനെ കുറയുന്ന ഒരു സ്ഥിതിയിലേക്ക് മിക്ക സംസ്ഥാനങ്ങളും എത്തി ചേരുകയും തൻമൂലം പാൽ, പാൽപ്പൊടി, വെണ്ണ, നെയ്യ് എന്നിവയുടെ വിൽപ്പനവില കുതിച്ചുയർന്നിട്ടുമുണ്ട്. ചില പ്രധാന സംസ്ഥാനങ്ങൾ ഇതിനോടകം തന്നെ പാലിന്റെ സംഭരണ വിൽപ്പന വിലകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. പല സംസ്ഥാനങ്ങളിലേയും പാലിന്റെ വിൽപ്പന വില മിൽമയുടെ പാൽ വിലയേക്കാൾ മുന്നിലെത്തിയിട്ടുണ്ട്. വരുന്ന വേനൽക്കാലത്ത് ഇത് ഇനിയും വർദ്ധിക്കാനാണ് സാധ്യത.

ഏതൊരു കാർഷിക ഉൽപ്പന്നത്തെപോലേയും ഉൽപ്പാദന ചിലവിനനുസൃതമായ വില കർഷകർക്ക് ഉറപ്പാക്കിയാൽ മാത്രമേ അവർ ഈ രംഗത്ത് പിടിച്ചു നിൽക്കുകയുള്ളൂ. ക്ഷീരകർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന പാലിന് ഉൽപ്പാദനചിലവിനനുസൃതമായ സംഭരണവില ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മിൽമ പാൽവില വർദ്ധിപ്പിക്കുന്നത്. ഈ വർദ്ധനവ് വഴി കർഷകരുടെ ഉൽപ്പാദനച്ചിലവ് പൂർണ്ണമായും നികത്തപ്പെടുന്നില്ലെങ്കിലും വർദ്ധിച്ച ഉൽപ്പാദനച്ചിലവ് ഒരു പരിധി വരെ നേരിടുന്നതിനും അതുവഴി കർഷകർക്ക് കുറച്ചെങ്കിലും ആശ്വാസമരുളുവാനും ഈ രംഗത്തു നിന്നുമുള്ള കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുവാനും അവരെ ഈ രംഗത്ത് പിടിച്ചു നിർത്തുവാൻ സഹായിക്കും എന്ന് വിശ്വസിക്കുന്നു. ഈ വർദ്ധനവോടുകൂടി ഭാരതത്തിൽ കർഷകർക്ക് പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനമായി മാറിയിരിക്കുകയാണ് കേരളം.

പാൽ സംഭരണ വില ചാർട്ടുകൾ മിൽമയുടെ വെബ്സൈറ്റായ www.milma.comൽ ലഭ്യമാകും.

പി. റ്റി. ഗോപാലകുറുപ്പ്
ചെയർമാൻ